വേനൽക്കാല കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

74 [255] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വേനൽക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി എന്തെല്ലാം പദ്ധതികളാണ് ത്രിതല പഞ്ചായത്തുകളുമായി ചേർന്ന് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുടെ അനുവാദത്തോടെ അംഗീകരിച്ച് പണമടച്ച പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനും പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും വാട്ടർ അതോറിറ്റി എടുക്കുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ത്രിതല പഞ്ചായത്ത് സമിതികൾ നിർദ്ദേശിക്കുന്ന കുടിവെള്ളപദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വേനൽക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ത്രിതല പഞ്ചായത്തുകളുടെ സാമ്പത്തിക സഹായത്തോടെ പൈപ്പ് ലൈനുകൾ നീട്ടൽ, കേടുവന്നതും തുരുമ്പു പിടിച്ചതുമായ പൈപ്പുകൾ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കൽ, പഞ്ചായത്തുകൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ സ്ഥാപിക്കൽ, പ്രൈം മിനിസ്റ്റേഴ്സ് അനൗൺസ്മെന്റ് സ്കീമിൽപ്പെടുത്തി ബോർവെൽ സ്ഥാപിക്കൽ, അഡീഷണൽ ഷിഫ്റ്റ് പമ്പിംഗ് ഏർപ്പെടുത്തൽ, ഇന്റർ കണക്ഷൻ വർക്കുകൾ, ജലക്ഷാമം കൂടുതൽ നേരിടുന്ന സ്ഥലങ്ങളിലേക്ക് ഹോട്ട്ലൈൻ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) വാട്ടർ അതോറിറ്റിയുടെ അനുവാദത്തോടും അംഗീകാരത്തോടും കൂടി പണമടച്ച് നടപ്പിലാക്കേണ്ട പദ്ധതികൾ എല്ലാം യഥാസമയം നടപ്പിലാക്കി വരുന്നുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സമിതിയുടെ ശുപാർശകൾ

75 [256] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാരിന്റെ ഏതെങ്കിലും സമിതി എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ശുപാർശകളിൻമേൽ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ശുപാർശകൾ ലഭിച്ചിട്ടുണ്ട്. ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ശുപാർശ 28-6-2005-ന് സർക്കാരിന് ലഭിച്ചതേയുള്ളൂ. ഇതു പരിശോധിച്ചുവരുന്നു.

ജെ. ബി. ഐ. സി. യുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന വാട്ടർ സപ്ലൈ പ്രോജക്ട്

76 [258] *ശ്രീ. ജോണി നെല്ലൂർ:*
" *ടി. എം. ജേക്കബ്:*
" *ഷിബു ബേബിജോൺ:*
" *കെ. ബി. ഗണേഷ് കുമാർ:*
" *ആർ. ബാലകൃഷ്ണപിള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജെ. ബി. ഐ. സി. യുടെ സഹായത്തോടുകൂടി കേരളത്തിൽ നടപ്പിലാക്കുന്ന ജലവിതരണ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ചേർത്തലയിൽ നടത്തിയപ്പോൾ മുൻമുഖ്യമന്ത്രി പദ്ധതിയുടെ ഭാഗിക കമ്മീഷനിംഗ് 2006 മാർച്ച് മാസത്തിൽ നടത്തുമെന്ന് പ്രഖ്യാപിച്ചതിന് എന്തെങ്കിലും മാറ്റം ഉണ്ടാകുമോ;

(സി) കോൺട്രാക്ടുകളുടെ പാക്കേജ് ഐ. സി. ബി. ഐ. യിൽ വരുന്നത് എത്ര; എൽ. സി. ബി. ഐ. യിൽ വരുന്നത് എത്ര എന്ന് വ്യക്തമാക്കാമോ;

(ഡി) ഐ. സി. ബി. ഐ.; എൽ. സി. ബി. ഐ. പാക്കേജുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഇ) ടെണ്ടർ വിളിച്ച എത്ര കരാറുകൾ റദ്ദാക്കിയിട്ടുണ്ട്; ഇതിന്റെ കാരണം എന്താണ്?

ഉത്തരം

(എ) 2007 ആഗസ്റ്റ് മാസത്തോടുകൂടി കമ്മീഷൻ ചെയ്യാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) മൂവാറ്റുപുഴ ആറ്റിൽ നിന്നും തൈക്കാട്ടുശ്ശേരി ശുദ്ധീകരണശാല വരെ ജലം എത്തിക്കുന്ന പണികൾ സാങ്കേതികമായി വളരെ സങ്കീർണ്ണതകൾ ഉള്ളതായി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly